**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **T 2719.** | 19.02.2016-ൽ മറുപടിക്ക്

**മത്സ്യതൊഴിലാളികൾക്ക് പട്ടയം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| | ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. പി.സി വിഷ്ണുനാഥ്<br>ശ്രീ.എം.എ. വാഹീദ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | തീരദേശവാസികളും തലമുറകളായി പ്രസ്തുത വസ്തുവിൽ താമസിച്ചു വരുന്നതുമായ മത്സ്യതൊഴിലാളി സമൂഹത്തിന് കൈമാറ്റ അവകാശത്തോടു കൂടി പട്ടയം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, അടിയന്തരനടപടി സ്വീകരിക്കുമോ; | (എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11(2) (V), 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടം 6(2)(V) എന്നിവ പ്രകാരം സമുദ്രത്തിലെ ഉയർന്ന ജലനിരപ്പിൽ നിന്നും 100 അടിയ്ക്ക് ഉള്ളിലുള്ള (30.48 മീറ്റർ) പ്രദേശത്ത് മത്സ്യത്തൊഴിലാളികൾക്ക് താൽക്കാലികമായി ഭൂമി പതിച്ചു നൽകുന്നതിനെ വ്യവസ്ഥയുള്ളൂ. ഈ പരിധിയ്ക്കുപുറത്ത് കൈമാറ്റ അവകാശത്തോട് കൂടി പട്ടയം നൽകുന്നതിന് ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം തടസ്സമില്ലാത്തതിനാൽ അപേക്ഷകരുടെ അർഹത പരിശോധിച്ച് പട്ടയം നൽകി വരുന്നു. എന്നാൽ നിലവിലെ CRZ നോട്ടിഫിക്കേഷൻ അനുശാസിക്കുന്ന ദൂരപരിധിക്കുള്ളിൽ മാത്രമേ പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിൽ പ്പെട്ടവർ അടക്കമുള്ളവർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ നിർവാഹമുള്ളൂ. ആയതിനാൽ നിലവിൽ തീരദേശ നിവാസികളിൽ ചിലർക്ക് കൈവശ ഭൂമിയ്ക്ക് പട്ടയം നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള കണക്കെടുപ്പോ വിലയിരുത്തലോ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്താണ് നിഗമനം/ വിലയിരുത്തൽ എന്ന് വ്യക്തമാക്കുമോ? | (ബി) കടൽ പുറമ്പോക്കിൽ സ്ഥിര താമസമാക്കിയ പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ കണക്ക് വില്ലേജ് തിരിച്ച് ഭൂവിസ്തൃതി സഹിതം ശേഖരിക്കാൻ ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**